# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1304

02/03/2017-ൽ മറുപടിയ്ക്ക്

## സർക്കാർ കോളേജുകൾക്ക് യു.ജി.സി അംഗീകാരം

**ചോദ്യം** **മറുപടി**

ശ്രീ.എം.ഉമ്മർ

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ കോളേജുകൾക്ക് യു.ജി.സി അംഗീകാരം നേടിയെടുക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | പ്രിൻസിപ്പൽമാർക്ക് യു.ജി.സി അംഗീകാരം നേടിയെടുക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കോളേജുകളിൽ നിന്നും നേരിട്ട് യു.ജി.സി - യ്ക്ക് സമർപ്പിക്കാവുന്നതാണ്. എല്ലാ കോളേജുകളിലും പ്രിൻസിപ്പൽമാരുടെ സാമ്പത്തികാധികാരത്തോടുകൂടിയ പൂർണ്ണ അധികചുമതല അസോസിയേറ്റ് പ്രൊഫസർമാർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ യു.ജി.സി അംഗീകാരം നേടിയെടുക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല; |
| (ബി) | പ്രസ്തുത പദ്ധതികൾ യഥാസമയം തയ്യാറാക്കാനും നടപ്പിലാക്കുന്നതിനും കഴിയാത്തത് പ്രിൻസിപ്പൽമാരുടെ നിയമനം യഥാസമയം പൂർത്തീകരിക്കാത്തത് മൂലമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ ഒഴിവുള്ള സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | 2010 - ലെ യു.ജി.സി റഗുലേഷൻ അനുസരിച്ച് പി.എച്ച്.ഡി യോഗ്യത നേടിയ അദ്ധ്യാപകരെ മാത്രമേ പ്രിൻസിപ്പാൾ ആയി നിയമിക്കാവൂ എന്ന് ബഹു.ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ കേസിലെ അന്തിമതീർപ്പിനു വിധേയമായി പി.എച്ച്.ഡി യോഗ്യത നേടിയ അദ്ധ്യാപകരെ യു.ജി.സി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**